## മധുരമായ കുട്ടികളേ - രാവണന്റെ നിയമമാണ് ആസുരീയ മതം, അസത്യം പറയുക, ബാബയുടെ നിയമമാണ് ശ്രീമതം, സത്യം പറയുക.

**ചോദ്യം -** ഏതേത് കാര്യങ്ങളെക്കുറിച്ച് ചിന്തിച്ച് കുട്ടികൾക്ക് അത്ഭുതപ്പെടണം?
**ഉത്തരം-** 1. ഇത് അത്ഭുതകരമായ നാടകമാണ്, ഇതിലുള്ള വിശേഷതകൾ, അഭിനയങ്ങൾ എന്തെല്ലാമാണോ ഓരോ സെക്കന്റും കടന്നുപോകുന്നത് അതെല്ലാം തന്നെ വീണ്ടും ആവർത്തിക്കപ്പെടുന്നു. ഇത്രയും അത്ഭുതമാണ് ഇതിൽ ഒരാളുടെ വിശേഷത മറ്റൊരാളുമായി സാമ്യപ്പെടുത്താൻ സാധിക്കില്ല. 2. എങ്ങനെയാണ് പരിധിയില്ലാത്ത അച്ഛൻ വന്ന് മുഴുവൻ വിശ്വത്തിന്റെയും സദ്ഗതി ചെയ്യുന്നത്, നമ്മെ പഠിപ്പിക്കുന്നത്, ഇതും വളരെ അത്ഭുതകരമാണ്.

**ഓംശാന്തി**. ആത്മീയ അച്ഛനായ ശിവൻ തന്റെ ആത്മീയ കുട്ടികളായ സാളിഗ്രാമുകൾക്ക് മനസ്സിലാക്കിത്തരുന്നു, എന്താണ് മനസ്സിലാക്കിത്തരുന്നത്? സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ രഹസ്യത്തെക്കുറിച്ച് മനസ്സിലാക്കിത്തരുന്നു, മനസ്സിലാക്കിത്തരുന്നത് ഒരേയൊരു ബാബയാണ്, ബാക്കി ഏതെല്ലാം തന്നെ ആത്മാക്കൾ അഥവാ സാളിഗ്രാമുകളുണ്ടോ അവർക്കെല്ലാം തന്റെ ശരീരത്തിന്റെ പേരാണുള്ളത്. ഒരേ ഒരു പരമാത്മാവാണ്, ബാബയ്ക്ക് തന്റേതായ ശരീരമില്ല. ആ പരമാത്മാവിന്റെ പേരാണ് ശിവൻ. ബാബയെത്തന്നെയാണ് പതിതപാവനനായ പരമാത്മാവെന്നു പറയുന്നത്. സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ രഹസ്യങ്ങൾ മനസ്സിലാക്കിത്തരുന്നതും ശിവബാബ തന്നെയാണ്. എല്ലാവരും ഇവിടേക്ക് വരുന്നത് പാർട്ട് അഭിനയിക്കുന്നതിനായാണ്. വിഷ്ണുവിന്റേത് രണ്ട് രൂപമാണ്, ഇതും മനസ്സിലാക്കിത്തന്നിട്ടുണ്ട്. ശങ്കരന്റെ പാർട്ട് തന്നെയില്ല. ഈ കാര്യങ്ങളെല്ലാം തന്നെ ബാബ മനസ്സിലാക്കിത്തരികയാണ്. എപ്പോഴാണ് ബാബ വരുന്നത്? പഴയ ലോകത്തിന്റെ വിനാശവും പുതിയ ലോകത്തിന്റെ സ്ഥാപനയും ചെയ്യേണ്ട സമയത്ത്. കുട്ടികൾക്ക് അറിയാം പുതിയ ലോകത്തിൽ ഒരേയൊരു ആദി സനാതന ദേവീദേവതാധർമ്മത്തിന്റെ സ്ഥാപനയാണുണ്ടാകുന്നത്. അത് പരമപിതാവായ പരമാത്മാവിനല്ലാതെ മറ്റാർക്കും തന്നെ സ്ഥാപിക്കുവാൻ സാധിക്കില്ല. പരമാത്മാവിന്റെ പേരാണ് ശിവൻ. ബാബയ്ക്ക് തന്റെ ശരീരത്തിന്റേതായ പേരില്ല. ബാക്കിയെല്ലാവർക്കും തന്നെ ശരീരത്തിന്റെ പേരാണുള്ളത്. മുഖ്യ-മുഖ്യമായ പാർട്ട്ധാരികളെല്ലാവരും തന്നെ വന്നു കഴിഞ്ഞു. ഡ്രാമയുടെ ചക്രം കറങ്ങി-കറങ്ങി ഇപ്പോൾ അന്തിമത്തിലേക്ക് വന്നിരിക്കുകയാണ്. അന്തിമ സമയത്താണ് ബാബയ്ക്ക് വരേണ്ടതായുള്ളത്. ബാബയുടെ ജയന്തിയാണ് ആഘോഷിക്കുന്നത്. എപ്പോഴാണോ ലോകത്തിന് പരിവർത്തനം നടക്കേണ്ടത് ആ സമയത്താണ് ശിവജയന്തി ആഘോഷിക്കുന്നത്. ഘോരമായ അന്ധകാരത്തിൽ നിന്നും ഘോരമായ പ്രകാശമുണ്ടാകുന്നു. അതായത് ദു:ഖധാമത്തിൽ നിന്നും സുഖധാമത്തിന്റെ സ്ഥാപനയുണ്ടാകുന്നു. കുട്ടികൾക്കറിയാം പരമപിതാവായ പരമാത്മാവ് ശിവൻ പഴയ ലോകത്തിന്റെ വിനാശത്തിനും പുതിയ ലോകത്തിന്റെ സ്ഥാപനയ്ക്കുമായി ഒരേയൊരു തവണയാണ് പുരുഷോത്തമ സംഗമയുഗത്തിലേക്ക് വരുന്നത്. ആദ്യം പുതിയ ലോകത്തിന്റെ സ്ഥാപനയാണ്, പിന്നീടാണ് പഴയ ലോകത്തിന്റെ വിനാശം. കുട്ടികൾ മനസ്സിലാക്കുന്നു പഠിച്ച് നമുക്ക് സമർത്ഥരായിത്തീരണം. ദൈവീകഗുണങ്ങളും ധാരണ ചെയ്യണം. ആസുരീയ ഗുണങ്ങളെ പരിവർത്തനപ്പെടുത്തണം. ദൈവീകഗുണങ്ങളുടെയും ആസുരീയ ഗുണങ്ങളുടെയും വർണ്ണന ചാർട്ടിൽ കാണിക്കണം. സ്വയം നോക്കണം ഞാൻ ആരെയെങ്കിലും ബുദ്ധിമുട്ടിക്കുന്നുണ്ടോ? അസത്യം പറയുന്നില്ലല്ലോ? ശ്രീമത്തിനു വിരുദ്ധമായി പെരുമാറുന്നില്ലല്ലോ? അസത്യം പറയുക, ആർക്കെങ്കിലും ദു:ഖം നൽകുക, ബുദ്ധിമുട്ടിക്കുക - ഇതെല്ലാം തന്നെ രാവണന്റെ നിയമമാണ്. ശ്രീമത്തിന്റെയും ആസുരീയ മതത്തിന്റെയും മഹിമയുണ്ട്. അരക്കല്പം ആസുരീയമതമാണ്, ഇതിലൂടെ മനുഷ്യർ അസുരനും ദു:ഖിയും രോഗിയുമായിത്തീരുന്നു. അഞ്ച് വികാരങ്ങൾ പ്രവേശിക്കുന്നു. ബാബ വന്ന് ശ്രീമത്ത് നൽകുന്നു. കുട്ടികൾക്കറിയാം ശ്രീമത്തിലൂടെയാണ് നമുക്ക് ദൈവീക ഗുണങ്ങൾ ലഭിക്കുന്നത്. ആസുരീയ അവഗുണങ്ങളെ പരിവർത്തനപ്പെടുത്തണം. ആസുരീയ അവഗുണങ്ങൾ അവശേഷിക്കുന്നുണ്ടെങ്കിൽ തീർച്ചയായും പദവി കുറയുന്നു. ജന്മ-ജന്മാന്തരത്തിലെ പാപങ്ങളുടെ ഭാരം ശിരസ്സിലുണ്ട്. നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ച് ഭാരം കുറയുന്നു. ഇത് പുരുഷോത്തമ സംഗമയുഗമാണെന്നുള്ളതും നിങ്ങൾ മനസ്സിലാക്കണം. ബാബയിലൂടെ ഇപ്പോൾ ദൈവീകഗുണങ്ങളെ ധാരണ ചെയ്ത് പുതിയ ലോകത്തിന്റെ അധികാരിയായിത്തീരുന്നു. പഴയലോകം തീർച്ചയായും നശിക്കണമെന്ന് ഇതിലൂടെ വ്യക്തമാകുന്നു. പുതിയ ലോകത്തിന്റെ സ്ഥാപന ബ്രഹ്മാകുമാരി-കുമാരന്മാരിലൂടെയാണ് ഉണ്ടാകുന്നത്. ഈ കാര്യത്തിൽ പക്കാ നിശ്ചയമുള്ളതുകൊണ്ടാണ് സേവനത്തിൽ മുഴുകുന്നത്. ആരുടെയെങ്കിലുമൊക്കെ നന്മ ചെയ്യാനായി പ്രയത്നിച്ചുകൊണ്ടിരിക്കുന്നു.

നിങ്ങൾക്കറിയാം നമ്മുടെ സഹോദരങ്ങൾ എത്രയാണ് സേവനം ചെയ്യുന്നതെന്ന്. എല്ലാവർക്കും ബാബയുടെ പരിചയം നൽകിക്കൊണ്ടിരിക്കുന്നുണ്ട്. ബാബ വന്നു എന്നതിനെക്കുറിച്ച് ആദ്യമാദ്യം വളരെ കുറച്ചു പേർക്കു മാത്രമേ അറിയൂ. പിന്നീട് വൃദ്ധി പ്രാപിച്ചുകൊണ്ടിരിക്കും. ഒരു ബ്രഹ്മാവിലൂടെ ധാരാളം ബ്രഹ്മാകുമാരി-കുമാരന്മാർ ഉണ്ടാകുന്നു. തീർച്ചയായും ബ്രാഹ്മണരുടെ കുലം ആവശ്യമാണല്ലോ. നിങ്ങൾക്കറിയാം നമ്മൾ ബ്രഹ്മാകുമാരി-കുമാരന്മാർ ശിവബാബയുടെ മക്കളാണ്, എല്ലാവരും സഹോദരന്മാരാണ്. യഥാർത്ഥത്തിൽ സഹോദരന്മാരാണ്, പിന്നീട് പ്രജാപിതാ ബ്രഹ്മാവിന്റെ സന്താനങ്ങൾ എന്ന അർത്ഥത്തിൽ സഹോദരീ-സഹോദരന്മാരാകുന്നു. പിന്നീട് ദേവതാ കുലത്തിലേക്ക് പോകുമ്പോൾ സംബന്ധത്തിന്റെ വൃദ്ധിയുണ്ടാകുന്നു. ഈ സമയം ബ്രഹ്മാവിന്റെ കുട്ടികളാണെങ്കിൽ ഒരു കുലത്തിലുള്ളവരായില്ലേ, ഇതിനെ രാജധാനിയെന്നു പറയില്ല. കൗരവരുടെയും പാണ്ഡവരുടെയും രാജധാനിയുണ്ടാകുന്നില്ല. എപ്പോഴാണോ രാജാ-റാണിമാർ നമ്പർവൈസായി സിംഹാസനത്തിലിരിക്കുന്നത് അപ്പോഴാണ് രാജധാനിയുണ്ടാകുന്നത്. ഇപ്പോഴാണെങ്കിൽ പ്രജകളാണ് പ്രജകളുടെ മേൽ രാജ്യം ഭരിച്ചുകൊണ്ടിരിക്കുന്നത്. ആരംഭത്തിൽ പവിത്രമായ രാജധാനിയായിരുന്നു, പിന്നീട് അപവിത്ര രാജധാനിയായി. പവിത്രമായ രാജധാനി അർത്ഥം അത് ദേവതകളുടേതാണ്. കുട്ടികൾക്കറിയാം 5000 വർഷങ്ങൾക്കു മുമ്പ് ഭാരതത്തിൽ സ്വർഗ്ഗമായിരുന്നു അപ്പോൾ പവിത്ര രാജധാനിയായിരുന്നു. അവരുടെ ചിത്രങ്ങളുമുണ്ട്, എത്ര ആഢംഭരമായ ക്ഷേത്രങ്ങളാണ് ഉണ്ടാക്കിയിരിക്കുന്നത്. മറ്റാർക്കും തന്നെ ഇത്രയ്ക്ക് ക്ഷേത്രങ്ങളില്ല. ഈ ദേവതകൾക്കാണ് ധാരാളം ക്ഷേത്രങ്ങൾ.

കുട്ടികൾക്ക് മനസ്സിലാക്കിത്തന്നിട്ടുണ്ട് മറ്റെല്ലാവരുടെയും തന്നെ ശരീരത്തിന്റെ പേരുകൾക്ക് മാറ്റം വരുന്നു. ബാബയുടെ പേര് ശിവൻ എന്നാണ്. ശിവ ഭഗവാനുവാച, ഏതൊരു ദേഹധാരിയേയും ഭഗവാനെന്ന് പറയില്ല. ബാബയ്ക്കല്ലാതെ മറ്റാർക്കും തന്നെ ബാബയുടെ പരിചയം നൽകാൻ സാധിക്കില്ല. കാരണം ആർക്കും ബാബയെ അറിയില്ല. ഇവിടെയും പലരുടെയും ബുദ്ധിയിൽ എങ്ങനെ ബാബയെ ഓർമ്മിക്കണം എന്ന് അറിയാത്തവരുണ്ട്. ആശയക്കുഴപ്പത്തിൽ വരുന്നു. ഇത്രയും ചെറിയ ബിന്ദുവിനെ എങ്ങനെ ഓർമ്മിക്കാനാണ്. ശരീരം വലുതായതുകൊണ്ട് അതിനെത്തന്നെ ഓർമ്മിച്ചു കൊണ്ടിരിക്കുന്നു. ഇങ്ങനെയും ഒരു മഹിമയുണ്ട് ഭൃകുടീ മധ്യത്തിൽ തിളങ്ങുന്ന നക്ഷത്രം.... അതായത് ആത്മാവ് നക്ഷത്രത്തിന് സമാനമാണ്. ആത്മാവിനെയാണ് സാളിഗ്രാം എന്നു പറയുന്നത്. ശിവലിംഗത്തിന്റെ പൂജയും വലിയ രൂപത്തിലാണ് ചെയ്തുവരുന്നത്. എങ്ങനെയാണോ ആത്മാവിനെ കാണാൻ സാധിക്കാത്തത്, ശിവബാബയെയും ആർക്കും കാണാൻ കഴിയില്ല. ഭക്തി മാഗ്ഗത്തിലും ബിന്ദുവിനെ എങ്ങനെ പൂജിക്കും കാരണം ആദ്യമാദ്യം ശിവന്റെ അവ്യഭിചാരി പൂജയാണ് ആരംഭിക്കുന്നത്. അപ്പോൾ പൂജയ്ക്കു വേണ്ടി തീർച്ചയായും വലിയ വസ്തു ആവശ്യമാണ്. സാളിഗ്രാമിനെയും വലിയ അണ്ഡാകൃതിയിൽ ഉണ്ടാക്കുന്നു. ഒരു വശത്ത് ലിംഗത്തിന് സമാനമാണ് എന്നു പറയുന്നു മറുവശത്ത് നക്ഷത്രം എന്നും പറയുന്നു. ഇപ്പോൾ നിങ്ങൾക്ക് ഒരു കാര്യത്തിൽ ഉറച്ചിരിക്കണം. അരക്കൽപ്പം വലിയ വസ്തുക്കളെ പൂജിച്ചു വന്നു ഇപ്പോൾ വീണ്ടും ബിന്ദുവാണെന്ന് മനസ്സിലാക്കുന്ന കാര്യത്തിൽ പ്രയത്നമാണ്, കാണാനും കഴിയില്ല. വലിയ രൂപമാണെന്നുള്ളത് ബുദ്ധിയിൽ നിന്നും പോകേണ്ടതുണ്ട്. ശരീരത്തിലേക്ക് ആത്മാവ് പ്രവേശിക്കുന്നതും തിരിച്ചു പോകുന്നതും ആർക്കും കാണാൻ സാധിക്കില്ല. വലിയ വസ്തുവാണെങ്കിൽ കാണാൻ സാധിക്കുമായിരുന്നു. ബാബയും ഇതുപോലെ ബിന്ദുവാണ് പക്ഷേ ജ്ഞാനസാഗരനാണ്, മറ്റാരെയും തന്നെ ജ്ഞാനസാഗരനെന്ന് പറയില്ല. ഭക്തിമാർഗ്ഗത്തിലുള്ളതാണ് ശാസ്ത്രങ്ങൾ. ഇത്രയും വേദശാസ്ത്രങ്ങൾ ആരാണ് ഉണ്ടാക്കിയത്? എല്ലാവരും പറയുന്നു വ്യാസനാണ് ഉണ്ടാക്കിയതെന്ന്. ക്രൈസ്റ്റിന്റെ ആത്മാവ് ഒരു ശാസ്ത്രവും ഉണ്ടാക്കിയിട്ടില്ല. അത് പിന്നീട് മനുഷ്യരാണ് ഉണ്ടാക്കിയത്. പക്ഷെ അവരിൽ ജ്ഞാനമില്ല. ജ്ഞാനസാഗരൻ ഒരേയൊരു ബാബയാണ്. ശാസ്ത്രങ്ങളിലൊന്നും ജ്ഞാനത്തിന്റെയോ സദ്ഗതിയുടേയോ കാര്യങ്ങളേയില്ല. ഓരോരോ ധർമ്മത്തിലുള്ളവർ അവരവരുടെ ധർമ്മസ്ഥാപകരെ ഓർമ്മിക്കുന്നു. ദേഹധാരികളെ ഓർമ്മിക്കുന്നു. ക്രിസ്തുവിന്റെ ചിത്രമുണ്ടല്ലോ. എല്ലാവരുടെയും ചിത്രമുണ്ട്. ശിവബാബയെത്തന്നെയാണ് പരമാത്മാവ് എന്നു പറയുന്നത്. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നു ആത്മാക്കൾ എല്ലാവരും സഹോദരങ്ങളാണ്. മറ്റുള്ള സഹോദരങ്ങളിൽ സദ്ഗതി നൽകുന്നതിനായി ജ്ഞാനം ഉണ്ടാവുകയില്ല. സദ്ഗതി നൽകുന്ന ആൾ ഓരേയൊരു ബാബയാണ്. ഈ സമയത്ത് അച്ഛനുമുണ്ട് സഹോദരങ്ങളുമുണ്ട്. ബാബ വന്ന് മുഴുവൻ വിശ്വത്തിലെ ആത്മാക്കളുടെയും സദ്ഗതി ചെയ്യുന്നു. വിശ്വത്തിന്റെ സദ്ഗതി ദാതാവ് ഓരേയൊരു ബാബയാണ്. ശ്രീ ശ്രീ 108 ജഗദ്ഗുരു എന്നു പറഞ്ഞാലും അഥവാ വിശ്വത്തിന്റെ ഗുരു എന്നു പറഞ്ഞാലും കാര്യം ഒന്നു തന്നെയാണ്. ഇപ്പോൾ ആസുരീയ രാജ്യമാണ്. സംഗമയുഗത്തിലാണ് ബാബ വന്ന് ഈ കാര്യങ്ങളെല്ലാം മനസ്സിലാക്കിത്തരുന്നത്.

നിങ്ങൾക്കറിയാം ഇപ്പോൾ പുതിയ ലോകത്തിന്റെ സ്ഥാപന ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. പഴയ

ലോകത്തിന്റെ വിനാശവും ഉണ്ടാകുന്നു. പതിതപാവനൻ ഒരേയൊരു നിരാകാരനായ ബാബയാണെന്ന് മനസ്സിലാക്കിത്തന്നിട്ടുണ്ട്. ഏതൊരു ദേഹധാരിക്കും പതിതപാവനനായി മാറാൻ സാധിക്കില്ല. പതിതപാവനൻ പരമാത്മാവ് തന്നെയാണ്. പതിതപാവന സീതാറാം എന്നു പറയുകയാണെങ്കിലും ബാബ മനസ്സിലാക്കിത്തരുന്നു ഭക്തിയുടെ ഫലം നൽകാൻ തീർച്ചയായും ഭഗവാന് വരണം. അപ്പോൾ എല്ലാവരും സീതമാരാണ് അതായത് വധുക്കളാണ്, വരനായ ഒരേയൊരു രാമനാണ് എല്ലാവർക്കും സദ്ഗതി നൽകുന്നത്. ഈ കാര്യങ്ങളെല്ലാം ബാബയാണ് മനസ്സിലാക്കിത്തരുന്നത്. ഡ്രാമ അനുസരിച്ച് നിങ്ങൾ തന്നെ വീണ്ടും 5000 വർഷങ്ങൾക്കു ശേഷം കാര്യങ്ങളെല്ലാം കേൾക്കും. ഇപ്പോൾ നിങ്ങൾ പഠിച്ചുകൊണ്ടിരിക്കുകയാണ്. സ്കൂളിൽ ധാരാളം പേർ പഠിക്കുന്നുണ്ട്. ഇതും ഡ്രാമ ഉണ്ടാക്കപ്പെട്ടിട്ടുള്ളതാണ്. ഏതു സമയത്ത് എന്താണോ പഠിക്കുന്നത് എന്ത് അഭിനയമാണോ നടക്കുന്നത് അതേ അഭിനയം കൽപ്പത്തിനു ശേഷം വീണ്ടും നടക്കുന്നു, 5000 വർഷത്തിനു ശേഷം വീണ്ടും പഠിക്കുന്നു. ഈ ഡ്രാമ അനാദിയായി ഉണ്ടാക്കപ്പെട്ടിട്ടുള്ളതാണ്. എന്തെല്ലാമാണോ കാണപ്പെടുന്നത് ഓരോ സെക്കന്റും പുതിയതായിരിക്കും. ചക്രം കറങ്ങിക്കൊണ്ടിരിക്കുന്നു. പുതിയ പുതിയ കാര്യങ്ങൾ നിങ്ങൾ കണ്ടുകൊണ്ടിരിക്കുന്നു. ഇപ്പോൾ നിങ്ങൾക്കറിയാം 5000 വർഷത്തിന്റെ നാടകമാണ് നടന്നുകൊണ്ടിരിക്കുന്നത്. ഇതിന്റെ വിവരണം ധാരാളമുണ്ട്. മുഖ്യമായ കാര്യങ്ങൾ മനസ്സിലാക്കിത്തരുന്നു. പരമാത്മാവ് സർവ്യാപിയാണെന്ന് പറയുന്നുണ്ട്, ബാബ പറയുന്നു ഞാൻ സർവ്വവ്യാപിയല്ല. ബാബ വന്ന് തന്റെയും രചനയുടെ ആദി മധ്യ അന്ത്യത്തിന്റെയും പരിചയം നൽകുന്നു. നിങ്ങൾക്കിപ്പോൾ അറിയാം ബാബ കൽപ്പകൽപ്പം വന്ന് നമുക്ക് സമ്പത്ത് നൽകുന്നു. ബ്രഹ്മാവിലൂടെ സ്ഥാപന എന്ന മഹിമയുമുണ്ട്. ഈ കാര്യത്തിനുമേൽ വളരെ നന്നായി മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും. വിരാട രൂപത്തിനും തീർച്ചയായും അർത്ഥമുണ്ടാകുമല്ലോ. പക്ഷേ ബാബയ്ക്കല്ലാതെ മറ്റാർക്കും തന്നെ ഇത് എപ്പോഴും മനസ്സിലാക്കിത്തരാൻ സാധിക്കില്ല. ചിത്രങ്ങൾ ധാരാളം ഉണ്ടെങ്കിലും ആർക്കും ഒന്നിന്റെയും അർത്ഥം അറിയുന്നില്ല. ഉയർന്നതിലും ഉയർന്നതായ ശിവബാബയുടെയും ചിത്രമുണ്ട് പക്ഷേ അതിനെക്കുറിച്ചും അറിയില്ല. സൂക്ഷ്മ വതനത്തെക്കുറിച്ചുള്ള അറിവ് ആവശ്യമില്ല. സാകാരലോകത്തിലെ ചരിത്രത്തെകുറിച്ചും ഭൂമിശാസ്ത്രത്തെക്കുറിച്ചും മനസ്സിലാക്കണം. സാക്ഷാത്കാരത്തിലൂടെയും ഇത് കാണുന്നു. എങ്ങനെയാണോ ഇവിടെ ബ്രഹ്മാബാബയിലൂടെ ശിവബാബ മനസ്സിലാക്കിത്തരുന്നത് അതുപോലെ സൂക്ഷ്മ വതനത്തിൽ കർമ്മാ തീത ശരീരത്തിലിരുന്ന് കൂടിക്കാഴ്ച നടത്തുന്നു അല്ലെങ്കിൽ സംസാരിക്കുന്നു. ബാക്കി സൂക്ഷ്മ വതന ത്തിന്റെ ചരിത്രവും ഭൂമിശാസ്ത്രവും ഒന്നുമില്ല. അതെല്ലാം തന്നെ ഈ ലോകത്തിലാണുള്ളത്. കുട്ടികളുടെ ബുദ്ധിയിൽ ഉണ്ട് 5000 വർഷങ്ങൾക്കു മുമ്പ് സത്യയുഗത്തിൽ ദേവതകളായിരുന്നു. ഈ ആദി സനാതന ദേവീദേവതാ ധർമ്മം എങ്ങനെ സ്ഥാപിക്കപ്പെട്ടു എന്നുള്ളതിനെക്കുറിച്ചും ആർക്കും അറിയില്ല. മറ്റു ധർമ്മങ്ങ ളുടെ സ്ഥാപനയെക്കുറിച്ച് എല്ലാവർക്കും അറിയാം അതിനെക്കുറിച്ചുള്ള പുസ്തകങ്ങൾ എല്ലാമുണ്ട്. ലക്ഷക്കണക്കിന് വർഷങ്ങളുടെ കാര്യം തന്നെയില്ല. ഇത് തീർത്തും തെറ്റാണ്. പക്ഷേ മനുഷ്യരുടെ ബുദ്ധി ഒന്നും പ്രവർത്തിക്കുന്നില്ല. ഓരോ കാര്യവും ബാബ മനസ്സിലാക്കിത്തരുന്നു, മധുര-മധുരമായ കുട്ടികളേ, നല്ല രീതിയിൽ ധാരണ ചെയ്യൂ. മുഖ്യമായ കാര്യമാണ് ബാബയുടെ ഓർമ്മ. ഈ ഓർമ്മയുടെയാണ് മത്സ രമുള്ളത് . മത്സരം നടത്താറുണ്ടല്ലോ. മത്സരത്തിൽ ചിലർ ഒറ്റക്കൊറ്റയ്ക്ക് ഓടുന്നു. ചിലർ ജോഡികളായി ഒരുമിച്ച് ബന്ധിച്ച് ഓടുന്നു. ഇവിടെ ആരെല്ലാമാണോ ജോഡികളായി ഉള്ളത് അവർ ഒരുമിച്ച് ഓടാനുള്ള അഭ്യാസം ചെയ്യുന്നു. ഇങ്ങനെ ചിന്തിക്കുന്നു സത്യയുഗത്തിലും ഇതുപോലെ ഒരുമിച്ച് ജോഡിയായി മാറണം. നാമരൂപം പരിവർത്തനപ്പെടുന്നു, ഈ ശരീരം തന്നെ ഒരിക്കലും ലഭിക്കില്ല. ശരീരം മാറിക്കൊണ്ടേ യിരിക്കുന്നു. ആത്മാവ് ഒരു ശരീരം ഉപേക്ഷിച്ച് വേറൊന്ന് എടുക്കുന്നു എന്ന് മനസ്സിലാക്കുന്നു. പക്ഷേ രൂപം വേറെയായിരിക്കും. പക്ഷേ കുട്ടികൾക്ക് അത്ഭുതം തോന്നണം, എന്തെല്ലാം രൂപങ്ങളും അഭിനയവു മാണോ ഓരോ സെക്കന്റും കടന്ന് പോകുന്നത് അത് വീണ്ടും 5000 വർഷങ്ങൾക്കു ശേഷവും ആവർത്തി ക്കപ്പെടുന്നു. എത്ര അത്ഭുതകരമായ നാടകമാണ്, മറ്റാർക്കും തന്നെ ഇത് മനസ്സിലാക്കാൻ കഴിയില്ല. നിങ്ങൾക്കറിയാം നമ്മളെല്ലാവരും പുരുഷാർത്ഥം ചെയ്യുകയാണ്. നമ്പർവൈസ് ആയിരിക്കുക തന്നെ ചെയ്യും. എല്ലാവരും കൃഷ്ണനാവുകയില്ലല്ലോ. രൂപങ്ങൾ എല്ലാവരുടെയും വ്യത്യസ്തമായരിക്കും. എത്ര വലിയ അത്ഭുതകരമായ നാടകമാണ്. ഒരാളുടെ രൂപം ഒരിക്കലും മറ്റൊരാളുമായി സാമ്യപ്പെടുത്താൻ കഴിയില്ല. ഈ കളി തന്നെ വീണ്ടും ആവർത്തിക്കപ്പെടുന്നു. ഇതെല്ലാം ചിന്തിച്ച് ആശ്ചര്യപ്പെടണം. എങ്ങനെയാണ് പരിധില്ലാത്ത അച്ഛൻ വന്ന് പഠിപ്പിക്കുന്നത്! ജന്മജന്മാന്തരം ഭക്തി മാർഗ്ഗത്തിലെ ശാസ്ത്രങ്ങൾ പഠിച്ചുവന്നു, സന്യാസിമാരുടെ കഥകൾ കേട്ടുവന്നു. ഇപ്പോൾ ബാബ പറയുന്നു ഭക്തിയുടെ സമയം പൂർത്തിയായി. ഇപ്പോൾ ഭക്തർക്ക് ഭഗവാനിലൂടെ ഫലം ലഭിക്കുന്നു. പക്ഷേ ഭഗവാൻ ഏതു രൂപത്തിലാണ് വരുന്നതെന്ന് അറിയില്ല. ശാസ്ത്രം പഠിക്കുന്നതിലൂടെ ഭഗവാനെ ലഭിക്കുമോ? ചിലർ പറയുന്നു ഭഗവാൻ ഇവിടേക്ക് വരുമെന്ന്. ശാസ്ത്രത്തിലൂടേ തന്നെ ഭഗവാനെ ലഭിക്കുന്നുവെങ്കിൽ പിന്നീട് ബാബയ്ക്ക് വരേണ്ടതായില്ലല്ലോ. ശാസ്ത്രം പഠിക്കുന്നതിലൂടെ ഭഗവാനെ ലഭിച്ചാൽ പിന്നീട് ഭഗവാൻ

വന്ന് എന്ത് ചെയ്യാനാണ്. അരക്കൽപ്പം നിങ്ങൾ ശാസ്ത്രങ്ങൾ പഠിച്ച്-പഠിച്ച് തമോപ്രധാനമായിത്തീർന്നു. കുട്ടികൾക്ക് സൃഷ്ടിചക്രത്തെക്കുറിച്ച് മനസ്സിലാക്കിത്തരുന്നുണ്ട് അതോടൊപ്പം ദൈവീക പെരുമാറ്റവും ആവശ്യമാണ്. ഒന്ന്, ആർക്കും ദു:ഖം നൽകരുത്. ആർക്കെങ്കിലും വിഷം (വികാരം)വേണമെന്നു പറയുമ്പോൾ അത് കൊടുക്കാതിരിക്കുന്നതിനെ ദു:ഖം നൽകി എന്നു പറയില്ല. ബാബ ഒരിക്കലും ഇങ്ങനെ പറഞ്ഞിട്ടുമില്ല. ഇങ്ങനെ ചില ബുദ്ധുക്കളുമുണ്ട് അവർ പറയുന്നു, ബാബ പറഞ്ഞിട്ടുണ്ട് ആർക്കും ദു:ഖം കൊടുക്കരുതെന്ന്. അവർ വിഷം ചോദിക്കുന്നുവെങ്കിൽ അവർക്ക് നൽകണം, ഇല്ലെങ്കിൽ ഇതും ദു:ഖം കൊടുക്കുകയാണ്, ഇങ്ങനെ മനസ്സിലാക്കുന്നവർ വിഢ്ഡികളാണ്. ബാബ പറയുന്നു തീർച്ചയായും പവിത്രമായി മാറണം. ആസുരീയ സ്വഭാവത്തിന്റെയും ദൈവീക സ്വഭാവത്തിന്റെയും വിവേകം ആവശ്യമാണ്. മനുഷ്യർക്ക് ഇതുപോലും അറിയില്ല. അവർ ആത്മാവിനെ നിർലേപമാണ് എന്നുപറയുന്നു. എന്തു വേണമെങ്കിലും ചെയ്തോളൂ, കഴിച്ചോളൂ കുടിച്ചോളൂ, വികാരത്തിലേക്ക് പൊയ്ക്കോളൂ എന്നാലും കുഴപ്പമില്ല എന്നാണവർ പറയുന്നത്. ഇങ്ങനേയും പഠിപ്പ് നൽകുന്നവരുണ്ട്. അങ്ങനെ എത്രപേരെയാണ് പിടിച്ച് കൊണ്ടുവരുന്നത്. പുറം ലോകത്തിലും സസ്യഭുക്കുകളായി ജീവിക്കുന്നവർ ധാരാളമുണ്ട്. നല്ലതായതുകൊണ്ടാണല്ലോ സസ്യഭുക്കുകളായി ജീവിക്കുന്നത്. അങ്ങനെയുള്ളവർ വൈഷ്ണവ ജാതിയിൽപ്പെട്ടവരായിരിക്കും. അവർ മോശമായ വസ്തുക്കളൊന്നും തന്നെ കഴിക്കില്ല. അവർ ന്യൂനപക്ഷമാണ്. ഈ സമയത്ത് നിങ്ങൾ എത്ര കുറച്ചു പേരാണുള്ളത്. പതുക്കെ-പതുക്കെ വൃദ്ധി പ്രാപിച്ചു വരുന്നു. കുട്ടികൾക്ക് ഈയൊരു പഠിപ്പാണ് ലഭിക്കുന്നത്-ദൈവീകഗുണത്തെ ധാരണ ചെയ്യണം. ആരുടെയെങ്കിലും കൈകൾകൊണ്ട് ഉണ്ടാക്കിയിട്ടുള്ള മോശമായ വസ്തുക്കളൊന്നും തന്നെ കഴിക്കരുത്. ശരി.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യമായ സാരം -

1. തന്റെ ചാർട്ടിൽ നോക്കണം-1. നമ്മൾ ശ്രീമത്തിനു വിരുദ്ധമായി നടക്കുന്നില്ലല്ലോ? 2. അസത്യം പറയുന്നില്ലല്ലോ? 3. ആരെയും ബുദ്ധിമുട്ടിക്കുന്നില്ലല്ലോ? 4. ദൈവീകഗുണങ്ങൾ ധാരണ ചെയ്യുന്നുണ്ടോ?

2. പഠിപ്പിനോടൊപ്പം തന്നെ ദൈവീക സ്വഭാവം ധാരണ ചെയ്യണം. തീർച്ചയായും പവിത്രമായിത്തീരണം. ഏതൊരു മോശമായ വസ്തുക്കളും കഴിക്കുത്. പൂർണ്ണമായും വൈഷ്ണവരായി മാറണം. ഇതിൽ മത്സരിക്കണം.

## വരദാനം:-ബാബയുടെ ആജ്ഞയനുസരിച്ച് ബുദ്ധിയെ കാലിയാക്കിവെക്കുന്ന വ്യർത്ഥമോ വികാരമോ ആയ സ്വപ്നങ്ങളിൽ നിന്നു പോലും മുക്തരായി ഭവിക്കട്ടെ.

ബാബയുടെ ആജ്ഞയാണ് ഉറങ്ങുന്നതിന് മുമ്പ് സദാ തന്റെ ബുദ്ധിയെ ശുദ്ധമാക്കൂ, അത് നല്ലതാകട്ടെ, മോശമാകട്ടെ എല്ലാം ബാബക്ക് കൈമാറി ബുദ്ധിയെ ശുദ്ധമാക്കൂ. ബാബക്ക് കൊടുത്ത് ബാബയോടൊപ്പം ഉറങ്ങൂ, ഒറ്റക്കല്ല. ഒറ്റക്കുറങ്ങുകയോ അല്ലെങ്കിൽ വ്യർത്ഥകാര്യങ്ങളുടെ വർണ്ണന ചെയ്ത്-ചെയ്ത് ഉറങ്ങുകയാണെങ്കിൽ വ്യർത്ഥമോ വികാരിയോ ആയ സ്വപ്നങ്ങൾ വരും. ഇതും അശ്രദ്ധയാണ്. ഈ അശ്രദ്ധ ഉപേക്ഷിച്ച് ആജ്ഞയനുസരിച്ച് നടക്കൂ എങ്കിൽ വ്യർത്ഥമോ വികാരിയോ ആയ സ്വപ്നങ്ങളിൽ നിന്ന് മുക്തമാകും.

## സ്ലോഗൻ:- ഭാഗ്യശാലികളായ ആത്മാക്കൾ തന്നെയാണ് സത്യമായ സേവനത്തിലൂടെ സർവ്വരുടെയും ആശീർവ്വാദങ്ങൾ പ്രാപ്തമാക്കുന്നത്.